## റിയാബ് (RIAB)-മായി ബന്ധപ്പെട്ട വിജിലൻസ് കേസുകൾ

126 (1370) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിയാബ്-ന്റെ സെക്രട്ടറി ശ്രീ. പത്മകുമാർ ഏതെല്ലാം ചുമതലകളാണ് നിർവ്വഹിച്ചിട്ടുള്ളത്;

(ബി) അദ്ദേഹത്തിന്റെ പേരിൽ ഏതെങ്കിലും വിജിലൻസ് കേസ് നിലവിലുണ്ടോ;

(സി) 1321/B-1 2016 (വിജിലൻസ്), QV 47/14/2015 (പാലക്കാട് വിജിലൻസ്), 29/2015 (പാലക്കാട് വിജിലൻസ്) എന്നീ കേസുകളിൽ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) റിയാബ് സെക്രട്ടറി ശ്രീ. കെ. പത്മകുമാർ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിൽ അസിസ്റ്റന്റ് പ്രൊഫസർ ആയി ജോലി നോക്കി വരവേ 1994-ൽ റിയാബ് (RIAB)-ൽ ബിസിനസ് അനലിസ്റ്റായി നിയമിതനായി. 1998-ൽ റിയാബ് സെക്രട്ടറിയായി നിയമനം നൽകി പ്രസ്തുത തസ്തികയിൽ തുടരുന്നു. 1-10-2011 മുതൽ മലബാർ സിമന്റ്സിന്റെ മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതല വഹിച്ചുവരുന്നു. ഇതിനുപുറമെ 8-9-2015 മുതൽ 13-6-2016 വരെ SIDCO മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതലയും വഹിച്ചിട്ടുണ്ട്.

(ബി) കോഴിക്കോട്, മലപ്പുറം, എറണാകുളം ജില്ലകളിലെ വ്യാപാരികൾക്ക് സിമന്റ് വിതരണം നടത്തിയതിൽ ഇളവുകൾ നൽകിയതുമായി ബന്ധപ്പെട്ട് 9-7-2016-ൽ വി.സി. 14/2016/പി.കെ.ഡി. എന്ന നമ്പരിൽ രജിസ്റ്റർ ചെയ്ത കേസിൽ ശ്രീ. പത്മകുമാർ ഒന്നാം കുറ്റാരോപിതനാണ്. മലബാർ സിമന്റ്സ് ലിമിറ്റഡിനുവേണ്ടി 2009-2010-ൽ ഫ്ലൈ ആഷ് വാങ്ങിയതിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് 9-7-2016-ൽ വി.സി.17/2016/പി.കെ.ഡി. നമ്പരായി രജിസ്റ്റർ ചെയ്ത കേസിൽ ശ്രീ. പത്മകുമാർ രണ്ടാം കുറ്റാരോപിതനാണ്.

(സി&ഡി) വകുപ്പുതല നടപടി സ്വീകരിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ക്യൂ.വി.47/14/പി.കെ.ഡി.

സത്വരാന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണത്തിന് അനുമതിക്കായി വിജിലൻസ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നുവെങ്കിലും ആയതിലെ വിജിലൻസ് ആംഗിൾ പരിശോധിച്ച് സമർപ്പിക്കുന്നതിനായി 6-6-2016-ലെ 1321/ബി1/16/വിജി നമ്പർ സർക്കാർ കത്ത് പ്രകാരം വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അന്വേഷണ ഉദ്യോഗസ്ഥന്റെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ലളിതകുമാരി Vs. യു.പി. സ്റ്റേറ്റ് കേസിന്റെ സുപ്രീം കോടതി ഉത്തരവനുസരിച്ച് 9-7-2016-ൽ വി.സി.17/16/പി.കെ.ഡി. നമ്പർ ആയി കേസ് രജിസ്റ്റർ ചെയ്തു.

ക്യൂ.വി.29/2015/പി.കെ.ഡി.

സത്വരാന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണം നടത്തുന്നതിന് 18.01.2016 തീയതിയിലെ 11014/ബി1/2015/വിജി. നമ്പർ സർക്കാർ കത്ത് പ്രകാരം വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. (വി.ഇ.01/2016/പി.കെ.ഡി.) ലളിതകുമാരി Vs. യു.പി. സ്റ്റേറ്റ് നമ്പർ കേസിൽ സുപ്രീം കോടതി വിധി അനുസരിച്ച് വി.സി.13/2016/പി.കെ.ഡി., 14/2016/പി.കെ.ഡി. നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**വിവാഹമോചന കേസുകൾ**

127 (1371) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് 2016 ജനുവരി മുതൽ ജൂൺ വരെ എത്ര വിവാഹ മോചന കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടുവെന്ന് വെളിപ്പെടുത്താമോ; ഇവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ ?

ഉത്തരം

26885 കേസുകൾ ഈ കാലയളവിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

**കിളിമാനൂർ കേന്ദ്രമായി കോടതി തുടങ്ങുന്നതിന് നടപടി**

128 T(1372) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ കേന്ദ്രമായി കോടതി തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.